(iii) നവോത്ഥാന സംരംഭങ്ങൾ

ഒന്നര സഹസ്രാബ്ദക്കാലത്തെ സുദീർഘമായ ചരിത്രത്തിനിടയിൽ മുസ്‌ലിം സമൂഹവും അതിന്റെ സംസ്കാരവും പലവിധ പതനങ്ങളെയും ഉത്ഥാനങ്ങളെയും അഭിമുഖീകരിച്ചിട്ടുണ്ട്. പതനങ്ങൾക്ക് ആക്കം കൂടുമ്പോഴൊക്കെ സമുദായത്തിനകത്തുനിന്നുതന്നെ ഇസ്‌ലാമികാദർശങ്ങളിലധിഷ്ഠിതമായ പരിഷ്കരണ സംരംഭങ്ങളുയർന്നു വരിക എന്ന ഒരു സ്വയംപ്രതിരോധ ശക്തി ഇസ്‌ലാമിനു സ്വതസ്സിദ്ധമായുള്ളതാണ്. തലമുറകൾ മാറുമ്പോൾ മുസ്‌ലിംകൾ ഇസ്‌ലാമിന്റെ യഥാർഥ പാതയിൽനിന്നു വ്യതിചലിക്കുമെന്നും അപ്പോഴൊക്കെ വക്രതകൾ നേരെയാക്കുന്ന പരിഷ്കർത്താക്കൾ ഉയർന്നുവരുമെന്നും പ്രവാചകൻ പ്രവചിച്ചത് ഈ സ്വയം പ്രതിരോധ ശക്തിയെയാണ് സൂചിപ്പിക്കുന്നത്.

പ്രവാചകൻ നിര്യാതനായ ഉടനെത്തന്നെ അറേബ്യയുടെ ചില ഭാഗങ്ങളിൽ വ്യാജ പ്രവാചകന്മാർ രംഗപ്രവേശം ചെയ്യുകയും അവർ കുറേ ബഹുജനങ്ങളെ ആകർഷിക്കുകയും ചെയ്തു. ചില ഗോത്രങ്ങൾ ഇസ്‌ലാമിക നേതൃത്വത്തെയും ഭരണകൂടത്തെയും ചോദ്യം ചെയ്തുകൊണ്ട് സകാത് കൊടുക്കുന്നത് നിർത്തൽ ചെയ്യാനും ധൃഷ്ടരായി. ഇസ്‌ലാമിക തത്ത്വശാസ്ത്രവും സാമൂഹിക വ്യവസ്ഥയും നേരിട്ട ഒന്നാമത്തെ വെല്ലുവിളിയായിരുന്നു അത്. ഒന്നാം ഖലീഫഃ അബൂബക്ർ സിദ്ദീഖ് ഈ ഭീഷണിയെ സമർഥമായി ചെറുത്തുതോല്പിച്ചു. ഇസ്‌ലാമിലെ ഒന്നാമത്തെ പരിഷ്കർത്താവു കൂടിയാണ് ഒന്നാം ഖലീഫഃ. ഖിലാഫതിന്റെ രാജാധിപത്യത്തിലേക്കുള്ള വ്യതിയാനത്തെ ഫലപ്രദമായി പ്രതിരോധിച്ച പരിഷ്കർത്താവാണ് ഖലീഫഃ ഉമറുബ്നു അബ്ദിൽ അസീസ്. ഭരണവംശം കൈയടക്കിയ പൊതു സ്വത്തുക്കളെല്ലാം തിരിച്ചുപിടിച്ച് അദ്ദേഹം സർക്കാറിലേക്ക് മുതല്ക്കൂട്ടി. ശൂറാവ്യവസ്ഥ ശക്തിപ്പെടുത്തി. ഇസ്‌ലാമിക നിയമങ്ങളും സംസ്കാരവും സംരക്ഷിക്കുന്നതിന്റെ ഭാഗമായി നബിചര്യ ക്രോഡീകരിക്കുന്നതിന് ഏർപ്പാടുകൾ ചെയ്തു. ഉമർ രണ്ടാമൻ എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇസ്‌ലാമിക സമൂഹം രണ്ടാം ഖലീഫഃ ഉമറിന്റെ കാലത്തുണ്ടായിരുന്ന അന്തസ്സും വിശുദ്ധിയും പുനരാർജിക്കുകയുണ്ടായി.

ഇമാം അബൂഹനീഫഃ, ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദുബ്നു ഹൻബൽ എന്നീ കർമശാസ്ത്ര പണ്ഡിതന്മാരായിരുന്നു പിന്നീടു വന്ന പരിഷ്കർത്താക്കൾ. ഇസ്‌ലാമിക ശരീഅത് ശാസ്ത്രീയമായി ക്രോഡീകരിക്കുക എന്നതാണ് ഇവർ ഏറ്റെടുത്ത പരിഷ്കരണം. മദ്ഹബിന്റെ ഇമാമുകൾ പ്രമാണങ്ങളെ ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ നിഷ്കൃഷ്ടമായി പഠിച്ച് ശരീഅത് നിയമങ്ങൾ ക്രോഡീകരിച്ചു.

മധ്യനൂറ്റാണ്ടുകളിൽ യവനദർശനങ്ങളുടെ സ്വാധീനത്താൽ വിശ്വാസാദർശങ്ങളിലുണ്ടായ വ്യതിയാനങ്ങളിൽനിന്ന് ഇസ്‌ലാമിക സമൂഹത്തെ മോചിപ്പിക്കുന്നതിൽ വിശ്വാസ ശാസ്ത്രത്തിന്റെ ഇമാമുകളായ അബുൽഹസനിൽ അശ്അരിയും അബൂമൻസ്വൂരിൽ മാതുരീദിയും മഹത്തായ പങ്കുവഹിച്ചിട്ടുണ്ട്.

ഗ്രീക്ക് തത്ത്വശാസ്ത്രങ്ങൾ അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതോടെ മുസ്‌ലിം പണ്ഡിതന്മാരിൽ അതിന് വമ്പിച്ച സ്വാധീനമുണ്ടായി. പല മുസ്‌ലിം പണ്ഡിതന്മാരും ഇസ്‌ലാമികാദർശ വിശ്വാസങ്ങളെ ഗ്രീക്ക് തത്ത്വചിന്തയുടെ ചുവടുപിടിച്ച് വിശദീകരിക്കാൻ തുടങ്ങി. ഈ അപകടത്തിന്റെ ഗൗരവം മനസ്സിലാക്കി രംഗത്തുവന്ന പരിഷ്കർത്താവായിരുന്നു ഇമാം ഗസ്സാലി. ഗസ്സാലിയുടെ *ഇഹ്‌യാഉ ഉലൂമിദ്ദീൻ* എന്ന ഗ്രന്ഥം വിശ്വവിഖ്യാതമാണ്. ഹുജ്ജതുൽ ഇസ്‌ലാം (ഇസ്‌ലാമിന്റെ പ്രമാണം) എന്ന അപരാഭിധാനത്തിലാണ് അദ്ദേഹം മുസ്‌ലിം ലോകത്ത് അറിയപ്പെടുന്നത്.

ഇമാം ഗസ്സാലിക്കുശേഷം മുസ്‌ലിം ലോകത്ത് പ്രത്യക്ഷപ്പെട്ട പരിഷ്കർത്താവ് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യഃ(ക്രി. 1263–1328)യാണ്. മുസ്‌ലിംലോകം ആദർശപരമായി ഗ്രീക്ക് തത്ത്വചിന്തയുടെ അധിനിവേശവും രാഷ്ട്രീയമായി താതാരികളുടെ നിഷ്ഠുരമായ ആക്രമണവും ഒരുമിച്ചു നേരിട്ടുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഇബ്നുതൈമിയ്യഃ ഒരേ സമയം ഈ മൂന്നു വിപത്തുകളെയും ചെറുത്തു. ഗ്രീക്ക് തത്ത്വശാസ്ത്രത്തെ –അരിസ്റ്റോട്ടലിന്റെ ചിന്തകളെ വിശേഷിച്ചും– ഖണ്ഡിച്ചുകൊണ്ട് ഗ്രന്ഥങ്ങളെഴുതി. സമുദായത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കലവറയില്ലാതെ എതിർത്തു. താതാരികൾക്കെതിരെ ജിഹാദിലും ഏർപ്പെട്ടു. സുന്നതിലും ഫിഖ്ഹിലും സവിശേഷ പാണ്ഡിത്യമുണ്ടായിരുന്നു ഇബ്നുതൈമിയ്യഃക്ക്.

മുഗൾ ഭരണകാലത്ത് ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ട പരിഷ്കർത്താവാണ് ശൈഖ് അഹ്മദ് സർഹിന്ദി (1564–1624). ഒരേ സമയം മുഗൾ ഭരണകൂടത്തിന്റെയും ഇന്ത്യയിലെ മുസ്‌ലിം ജനസാമാന്യത്തിന്റെയും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തുകൊണ്ടാണിദ്ദേഹം രംഗത്തുവന്നത്. പില്ക്കാലത്ത് അധികാരത്തിൽ വന്ന ഔറൻഗസീബ് ചക്രവർത്തി ശൈഖിന്റെ ശിഷ്യത്വം സ്വീകരിച്ചു.

സർഹിന്ദി ഉണർത്തിയ നവോത്ഥാന തരംഗങ്ങളടങ്ങുകയും ഇന്ത്യൻ മുസ്‌ലിംകൾ വീണ്ടും അധഃപതിക്കുകയും ചെയ്ത ചരിത്ര സന്ധിയിലാണ് ദൽഹിയിൽ ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവി (1703–1763) രംഗപ്രവേശം ചെയ്തത്. കർമശാസ്ത്ര രംഗത്തെ അന്ധമായ അനുകരണത്തെ ശക്തിയായി എതിർക്കുകയും കാലോചിതമായ ഇജ്തിഹാദുകളിലൂടെ പുതിയ നിയമങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു അദ്ദേഹം. ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ ആശയങ്ങൾ ഒരു പ്രസ്ഥാനമാക്കി ഉയർത്തിയത് സയ്യിദ് അഹ്മദ് ബറേൽവിയും (1786–1831) ഷാ ഇസ്മാഈലു(1779–1831)മാണ്.

ഇന്ത്യയിൽ ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ പരിഷ്കരണ പ്രസ്ഥാനം വളർന്നുവന്ന കാലത്തുതന്നെയാണ് അറേബ്യയിലെ നജ്ദിൽ ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബി(1703–1792)ന്റെ പരിഷ്കരണ പ്രസ്ഥാനവും ആരംഭിച്ചത്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പോരാട്ടമായിരുന്നു മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റേത്. തൗഹീദിലായിരുന്നു അദ്ദേഹത്തിന്റെ ഊന്നൽ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി പരിഷ്കർത്താക്കൾ ആധുനിക കാലത്ത് പ്രവർത്തിച്ചിട്ടുണ്ട്. ജമാലുദ്ദീൻ അഫ്ഗാനി, ബദീഉസ്സമാൻ സഈദ് നൂർസി, ശഹീദ് ഹസനുൽ ബന്നാ, സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, ശഹീദ് സയ്യിദ് ഖുത്ബ് തുടങ്ങിയവർ അക്കൂട്ടത്തിൽ അവിസ്മരണീയരാകുന്നു.

മുസ്‌ലിംലോകത്തിന്റെ ഐക്യത്തിനും ഖിലാഫതു വ്യവസ്ഥയുടെ ഭദ്രതക്കും വേണ്ടി അഹോരാത്രം അധ്വാനിച്ച പരിഷ്കർത്താവാണ് അഫ്ഗാനി. പാശ്ചാത്യ കൊളോണിയലിസത്തിനെതിരെ പാൻ ഇസ്‌ലാമിസം എന്ന പേരിൽ ആഗോള മുസ്‌ലിം ഐക്യം എന്ന ആശയം ആവിഷ്കരിച്ചത് ജമാലുദ്ദീൻ അഫ്ഗാനിയായിരുന്നു. മുസ്‌ലിം ലോകത്ത് പിന്നീടുണ്ടായ എല്ലാ ധൈഷണിക വികാസവും അഫ്ഗാനിയോട് കടപ്പെട്ടിരിക്കുന്നു.

ബ്രിട്ടീഷുകാരുടെ സഹായത്താൽ ഉഥ്മാനീ ഖിലാഫതു തകർത്ത കമാൽ അതാതുർക് രാജ്യത്ത് ഇസ്‌ലാം വിരുദ്ധ നിലപാടുകൾ ശക്തമാക്കിയപ്പോൾ അതിനെതിരെ രംഗത്തുവന്ന പരിഷ്കർത്താവാണ് ബദീഉസ്സമാൻ സഈദ് നൂർസി. ഇസ്‌ലാമിക സംസ്കാരവും ശരീഅത്തും പുനഃസ്ഥാപിക്കുന്നതിനുവേണ്ടി അദ്ദേഹം നിരന്തരം സമരം ചെയ്തു.

ബ്രിട്ടീഷ് ആധിപത്യത്തിനും രാജഭരണത്തിനും അനിസ്‌ലാമിക വ്യവസ്ഥിതിക്കുമെതിരെ ഈജിപ്തിൽ ഉദയം ചെയ്ത ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് ശഹീദ് ഹസനുൽ ബന്നാ. ആത്മസംസ്കരണത്തിലും സായുധ സമരത്തിലും ഒരേസമയം ഊന്നിയ പ്രസ്ഥാനമാണദ്ദേഹത്തിന്റേത്. ഫിലസ്ത്വീനിൽ ജൂതരാഷ്ട്രം സ്ഥാപിക്കുന്നതിനെതിരെ ഇഖ്‌വാനികൾ സായുധമായിത്തന്നെ സമരം ചെയ്തു.

ഹസനുൽ ബന്നായുടെ പ്രമുഖ ശിഷ്യന്മാരിലൊരാളാണ് ശഹീദ് സയ്യിദ് ഖുത്വ്ബ്. അദ്ദേഹത്തിന്റെ വൈജ്ഞാനിക സംഭാവനകളാണ് ഹസനുൽബന്ന തുടക്കമിട്ട നവോത്ഥാന സംരംഭങ്ങൾക്ക് ധൈഷണികമായ കരുത്തും ഭദ്രതയും നല്കിയത്.

20-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപംകൊണ്ട ജമാഅത്തെ ഇസ്‌ലാമി എന്ന നവോത്ഥാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി (1903-1979). ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിത പദ്ധതിയായി അവതരിപ്പിക്കുകയും ആ ജീവിത പദ്ധതി പ്രായോഗികമായി സംസ്ഥാപിക്കാൻ മുസ്‌ലിംകളെ ആഹ്വാനം ചെയ്യുകയും ചെയ്ത മൗദൂദി 1941-ൽ ജമാഅത്തെ ഇസ്‌ലാമി എന്ന സംഘടന സ്ഥാപിച്ചു. ഇന്ത്യാ വിഭജനത്തോടെ ഈ പ്രസ്ഥാനം ഇന്ത്യയിലും പാകിസ്താനിലും ബംഗ്ലാദേശിലും വെവ്വേറെ പ്രവർത്തിച്ചു തുടങ്ങി. മൗദൂദിയിൽനിന്ന് പ്രചോദനമുൾക്കൊണ്ട് ശ്രീലങ്കയിലും അഫ്ഗാനിസ്താനിലും ജമാഅത്തെ ഇസ്‌ലാമി രൂപംകൊണ്ടിട്ടുണ്ട്.

മുകളിൽ പറഞ്ഞ ആധുനിക പരിഷ്കർത്താക്കളുടെ ചിന്തകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട നിരവധി പ്രസ്ഥാനങ്ങൾ ലോകത്തിലെ മിക്ക രാജ്യങ്ങളിലും പ്രവർത്തിച്ചു വരുന്നുണ്ട്. ചിലത് വിദേശീയാധിപത്യങ്ങളെ തുടച്ചുനീക്കുന്നതിലാണ് ഊന്നുന്നത്. മറ്റു ചിലത് സ്വന്തം രാജ്യത്ത് നിലനില്ക്കുന്ന അനിസ്‌ലാമിക വ്യവസ്ഥിതിയെ ഇസ്‌ലാമികമാക്കി പരിവർത്തിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇനിയും ചിലത് കേവലമായ പ്രബോധന പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളിലും ഒതുങ്ങി നില്ക്കുന്നു. സാമ്രാജ്യത്വത്തോടും പാശ്ചാത്യ സംസ്കാരത്തോടും നിർമത നിരീശ്വര സാമൂഹിക വ്യവസ്ഥിതികളോടുമുള്ള എതിർപ്പ് ഇവരുടെയെല്ലാം പൊതു സ്വഭാവമാണ്.